സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

Paternity Leave അനുവദിക്കുന്നത് സംബന്ധിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഉത്തരവ് നമ്പർ: **ROC No. 15900/17/Est-I** നന്തൻകോട്, **05/02/2018**

---

പരാമർശം :- 1) 01-07-2011 ലെ ROC 2000/2011/Est-1 നമ്പർ ഉത്തരവ്.
2) ദേവസ്വം കമ്മീഷണറുടെ 10-11-2017 ലെ ROC 18716/17/Mis-A നമ്പർ റിപ്പോർട്ട്.
3) ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ 23-01-2018 ലെ അഭിപ്രായം.

## ഉത്തരവ്

ക്ഷേത്ര ജീവനക്കാർ ക്ലാസ്ഫോർ ജീവനക്കാർ ആക്കുന്നതിന് മുൻപ് (01-7-2017 ന് മുൻപ്) പത്ത് ദിവസം പറ്റേർണിറ്റി ലീവ് ഉപയോഗിച്ചിട്ടുള്ളപക്ഷം പകരംവ്യവസ്ഥ അനുവദിക്കാവുന്നതാണോ എന്നത് സംബന്ധിച്ച് തിരുവിതാംകൂർ ദേവസ്വം ബോർഡിലെ എല്ലാ ജീവനക്കാർക്കും പത്ത് ദിവസത്തെ പറ്റേർണിറ്റി ലീവ് അനുവാദമുള്ളതാണെന്നും എന്നാൽ ഈ അവധി ഉപയോഗിക്കുമ്പോൾ പകരം വ്യവസ്ഥ അനുവദനീയമല്ലെന്നും അത്യാവശ്യ സർവ്വീസിൽപ്പെട്ട ജീവനക്കാർ സ്വന്തം ഉത്തരവാദിത്വത്തിൽ ജോലിക്ക് വീഴ്ചവരുത്താതെ ആൾ ഏർപ്പെടുത്തേണ്ട താണെന്ന് ഫിനാൻസ് & അക്കൗണ്ട്സ് ആഫീസർ അഭിപ്രായപ്പെട്ടുവെന്നും ആക യാൽ ടി വിഷയം സംബന്ധിച്ച് പൊതുവായി ഒരു ഉത്തരവ് ഉണ്ടാകണമെന്ന് വിവരി ച്ചുള്ള ദേവസ്വം കമ്മീഷണറുടെ (പരാമർശം -2) റിപ്പോർട്ട് ലഭിച്ചു.

ടി വിഷയം സംബന്ധിച്ച് ദേവസ്വം അക്കൗണ്ട്സ് ആഫീസറുടെ അഭി പ്രായം ലഭ്യമാക്കി ബോർഡ് പരിശോധിച്ച് ചർച്ച ചെയ്തു.

പരാമർശം 1 ഉത്തരവ്പ്രകാരം 01-07-2009 മുതൽ പ്രാബല്യത്തിൽ വന്ന ശമ്പളപരിഷ്ക്കാര ഉത്തരവ് പ്രകാരമാണ് പിതൃത്വ അവധി (Paternity Leave) ആദ്യ മായി അനുവദിച്ചത്. രണ്ട് കുട്ടികളുടെ ജനനവുമായി ബന്ധപ്പെട്ട് മാത്രമെ പിതൃത്വ അവധി ഉപയോഗിക്കുന്നതിന് അനുവാദമുള്ളൂ. ഈ സാഹചര്യത്തിൽ ഭാര്യയുടെ പ്രസവവുമായി ബന്ധപ്പെട്ട് പുരുഷ ജീവനക്കാർക്കുള്ള പിതൃത്വ അവധിയ്ക്ക് പകരംവ്യവസ്ഥ അനുവദിച്ചിരുന്നില്ലാത്തതിനാൽ അതിന് മാറ്റം വരുത്തേണ്ടതില്ലെന്ന് തീരുമാനിച്ച് ഉത്തരവാകുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

*(മറുപുറം)*

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. സെക്ഷൻ ഫയൽ
4. ഫയൽ ബുക്ക്
5. ഫെയർ ആഫീസ് കോപ്പി

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK